പട്ടികജാതി ഭവനരഹിതർക്ക് വീട്

275(976) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും, വീടിന്റെ നവീകരണത്തിനുമായി വകയിരുത്തിയ തുക എത്ര; 2015-16 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ട്രഷറിയിൽ നിന്ന് പിൻവലിക്കാതെയുള്ള തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2015-2016 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതി, ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം എന്നീ പദ്ധതികൾക്കായി 180 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2012-13 മുതലുള്ള ഐ.എ.വൈ. പദ്ധതി പ്രകാരം അധിക സംസ്ഥാന വിഹിതമായി 80 കോടി രൂപ Additional Authorization ലഭിക്കുകയുണ്ടായി. പദ്ധതിയുടെ ശീർഷകത്തിൽ ₹ 12,72,58,018 (പന്ത്രണ്ട് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തെട്ടായിരത്തി പതിനെട്ട് രൂപ മാത്രം) ചെലവഴിക്കാനുണ്ട്.

(ബി) ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	ഭവന നിർമ്മാണം	ഭവന പുനരുദ്ധാരണം
തിരുവനന്തപുരം	614	735
കൊല്ലം	540	650
പത്തനംതിട്ട	270	325
ആലപ്പുഴ	331	400
കോട്ടയം	253	300
ഇടുക്കി	239	290
എറണാകുളം	441	530
തൃശ്ശൂർ	534	640
പാലക്കാട്	664	800

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	507	610
കോഴിക്കോട്	328	390
വയനാട്	54	60
കണ്ണൂർ	137	165
കാസർഗോഡ്	88	105
ആകെ	5000	6000

പട്ടികജാതി വിഭാഗങ്ങൾക്കുള്ള സംവരണം

276(977) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യമേഖലയിലും ഗവൺമെന്റ് എയ്ഡഡ് മേഖലകളിലും പട്ടികജാതി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇല്ല. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായി വിശദമായ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾക്കുള്ള ഗ്രാന്റ്

277(978) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട എഴുത്തുകാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിന് ഗ്രാന്റ് അനുവദിക്കുന്നുണ്ടോ;

(ബി) ഏത് വർഷം വരെയുള്ള ഗ്രാന്റാണ് നിലവിൽ കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു എഴുത്തുകാരന് നൽകുന്ന ഗ്രാന്റ് തുകയെത്രയെന്ന് വിശദമാക്കുമോ; ഇത് കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) പിന്നാക്ക വിഭാഗത്തിലുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വതാസമയം ഗ്രാന്റ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly